

ക്ഷമയുടെയും സഹനത്തിന്റെയും മകുടോദാഹരണങ്ങളായ ചില പ്രവാചകന്മാരെ അനുസ്മരിച്ച ശേഷം അക്ഷമയാൽ ക്ലേശിതനായ ഒരു പ്രവാചകനെയും അനുസ്മരിക്കുകയാണ്. യൂനുസ്(അ) അൽപം മുൻകോപിയായിരുന്നു. ഇറാഖിലെ മൂസിൽ പ്രദേശത്തെ പുരാതന നഗരമായ കൻആനിലാണ് യൂനുസ് പ്രവാചകൻ നിയുക്തനായത്.

## ഖുർആൻ ബോധനം

എ.വൈ.ആർ

### സൂറ - 21

# അൽഅമ്പിയാഅ്

**87.** മത്സ്യോദരവാസിയെയും നാം അനുഗ്രഹിച്ചു; അദ്ദേഹം കുപിതനായി സ്ഥലം വിട്ടപ്പോൾ. നാം അദ്ദേഹത്തെ ഞെരുക്കുകയില്ലെന്നാണ് അദ്ദേഹം കരുതിയത്. ഒടുവിൽ അന്ധകാരങ്ങളിലകപ്പെട്ട് വിലപിച്ചതെന്തെന്നാൽ, നീയല്ലാതെ ദൈവമേതുമില്ല, നീ പരമ പരിശുദ്ധനാകുന്നു. ഞാനോ മഹാപരാധം ചെയ്തുപോയി.

وَذَا ٱلنُّونِ إِذ ذَّهَبَ مُغَٰضِبًا فَظَنَّ أَن لَّن نَّقْدِرَ عَلَيْهِ فَنَادَىٰ فِى ٱلظُّلُمَٰتِ
أَن لَّآ إِلَٰهَ إِلَّآ أَنتَ سُبْحَٰنَكَ إِنِّى كُنتُ مِنَ ٱلظَّٰلِمِينَ ﴿٨٧﴾

**88.** ആ പ്രാർഥന നാം സ്വീകരിച്ചു. അദ്ദേഹത്തെ ദുഃഖമുക്തനാക്കി. ഈവിധം നാം സത്യവിശ്വാസികളെ രക്ഷിക്കുന്നു.

فَٱسْتَجَبْنَا لَهُۥ وَنَجَّيْنَٰهُ مِنَ ٱلْغَمِّ ۚ وَكَذَٰلِكَ نُۨجِى ٱلْمُؤْمِنِينَ ﴿٨٨﴾

**87,88**

وَإِسْمَٰعِيلَ وَإِدْرِيسَ وَذَا ٱلْكِفْلِ ۖ = ഇസ്മാഈലിനെയും ഇദ്‌രീസിനെയും ദുൽകിഫ്‌ലിനെയും

(ഇതേപ്രകാരം അനുഗ്രഹിച്ചിരുന്നു)

كُلٌّ مِّنَ ٱلصَّٰبِرِينَ = (ഇവർ) ഒക്കെയും (ഏറെ) ക്ഷമിച്ചവരാകുന്നു    وَأَدْخَلْنَٰهُمْ = നാം അവരെ പ്രവേശിപ്പിച്ചു

فِى رَحْمَتِنَآ ۖ = നമ്മുടെ കാരുണ്യത്തി(ണ്യത്തണലി)ൽ    إِنَّهُم = തീർച്ചയായും അവർ

مِّنَ ٱلصَّٰلِحِينَ = സച്ചരിതരിൽപ്പെട്ടവരാകുന്നു

ذَا ٱلنُّونِ നെയാണ് മത്സ്യോദരവാസി എന്ന് തർജമ ചെയ്തിട്ടുള്ളത്. نون മത്സ്യമാണ്. نينان എന്നാണിതിന്റെ ബഹുവചനം; حوت ന്റെ ബഹുവചനം حيتان ആയതുപോലെ. ذَا ٱلنُّونِ ന്റെ വാക്കർഥം മത്സ്യക്കാരൻ. صاحب الحوت-മത്സ്യത്തിന്റെ സഹാവ്-എന്നും അദ്ദേഹം വിളിക്കപ്പെടുന്നുണ്ട്. മീൻ പിടുത്തക്കാരനോ മീൻ കച്ചവടക്കാരനോ ആയതുകൊണ്ടല്ല ഈ പേരു ലഭിച്ചത്, ഏതാനും ദിവസങ്ങൾ ഒരു മത്സ്യത്തിന്റെ ഉദരത്തിൽ വസിക്കേണ്ടി വന്നതുകൊണ്ടാണ്. യഥാർഥ പേര് യൂനുസ് എന്നാണ്. ഇസ്രാഈല്യർ ഇദ്ദേഹത്തെ യോനാ എന്നും ജോൺ എന്നും വിളിക്കുന്നു. ബൈബിളിൽ ഇദ്ദേഹത്തിന്റെ പേരിൽ ഒരു പുസ്തകമുണ്ട്. അതിൽനിന്ന് ലഭിക്കുന്ന കാലസൂചനയനുസരിച്ച് അതിന്റെ രചന ക്രി.മു: നാലാം നൂറ്റാ

ണ്ടിനും രണ്ടാം നൂറ്റാണ്ടിനും ഇടക്കാണെന്ന് ബൈബിൾ പണ്ഡിതന്മാർ പറയുന്നു. അതിനും ഏതാനും നൂറ്റാണ്ടുകൾക്ക് മുമ്പാണ് യോനായുടെ ജീവിത കാലമെന്നനുമാനിക്കപ്പെടുന്നു. യോനാ പുസ്തകം അദ്ദേഹത്തിന്റെ കാലശേഷം മറ്റാരോ രചിച്ചു ബൈബിളിൽ ചേർത്തതാണെന്നാണതിന്റെ താൽപര്യം. ബൈബിളിലെ യോനാ (ജോൺ) ആണ് യൂനുസ് എന്ന് മുസ്‌ലിംകൾ വിളിക്കുന്ന ഇസ്രാഈലി പ്രവാചകൻ. ഖുർആൻ ദുന്നൂൻ, സ്വാഹിബുൽ ഹൂത്, യൂനുസ് എന്നീ മൂന്നു പേരുകളിലും ഇദ്ദേഹത്തെ അനുസ്മരിക്കുന്നുണ്ട്. സൂറഃ *അസ്സ്വാഫ്ഫാത്തിൽ* യൂനുസ് ചരിത്രത്തിന്റെ കുറെഭാഗങ്ങൾ ഇനിയും വരുന്നുണ്ട്.

ക്ഷമയുടെയും സഹനത്തിന്റെയും മകുടോദാഹരണങ്ങളായ ചില പ്രവാചകന്മാരെ അനുസ്മരിച്ച ശേഷം അക്ഷമയാൽ ക്ലേശിതനായ ഒരു പ്രവാചകനെയും അനുസ്മരിക്കുകയാണ്. യൂനുസ്(അ) അൽപം മുൻകോപിയായിരുന്നു. ഇറാഖിലെ മൂസിൽ പ്രദേശത്തെ പുരാതന നഗരമായ കൻആനിലാണ് യൂനുസ് പ്രവാചകൻ നിയുക്തനായത്. കൻആനിന് നിനവാ എന്നും പേരുണ്ട്. കൻആനികൾ അന്ന് ബഹുദൈവ വിശ്വാസികളും വിഗ്രഹാരാധകരുമായിരുന്നു. യൂനുസ്(അ) കുറെനാൾ ഏകദൈവ വിശ്വാസവും സത്യധർമങ്ങളും പ്രബോധനം ചെയ്തെങ്കിലും ഒന്നോ രണ്ടോ പേർ മാത്രമേ അദ്ദേഹത്തെ വിശ്വസിക്കാൻ തയാറായുള്ളൂ. ക്ഷമ കെട്ട യൂനുസ് നബി നാട്ടുകാരോട് കോപിച്ച് സ്ഥലം വിട്ടു. തർശീശ് ലക്ഷ്യമാക്കിയാണ് അദ്ദേഹം പുറപ്പെട്ടതെന്ന് പറയപ്പെടുന്നു. ഈ പലായനം പ്രവാചകന്റെ ഭാഗത്തു നിന്നുണ്ടായ അക്ഷന്തവ്യമായ അപരാധമായിരുന്നു. പ്രവാചകന്മാർ അത്രവേഗം നിരാശരാവാൻ പാടില്ല. ആളുകൾ വിശ്വസിച്ചാലും ഇല്ലെങ്കിലും അല്ലാഹു ഏൽപിച്ച ദൗത്യം തുടർന്നുകൊണ്ടിരിക്കണം. ആരാലും അംഗീകരിക്കപ്പെടാതെ 950 സംവത്സരങ്ങൾ പ്രബോധന വൃത്തിയിലേർപ്പെട്ട പ്രവാചകനാണ് നൂഹ്(അ). അല്ലാഹു കൽപിക്കുകയോ നാട്ടുകാർ ആട്ടിയോടിക്കുകയോ ചെയ്യുമ്പോഴല്ലാതെ പ്രവാചകൻ പ്രബോധിതരെ ഉപേക്ഷിച്ചുപൊയ്ക്കൂടാ. അങ്ങനെ ചെയ്യുന്നത് പ്രവാചകൻ അവരെ ചെകുത്താനും അതുവഴി ദൈവിക ശിക്ഷക്കും വിട്ടുകൊടുക്കുന്നതിനു തുല്യമാകുന്നു. നിനവാ വിട്ട യൂനുസ് യഫോയിൽ എന്ന സ്ഥലത്തെത്തി അവിടെനിന്ന് തർശീശിലേക്ക് പോകുന്ന ഒരു കപ്പലിൽ യാത്ര ചെയ്യവെ കടൽക്ഷോഭത്തിലകപ്പെട്ടു. കപ്പലിന്റെ ഭാരം കുറക്കേണ്ടി വന്നപ്പോൾ കപ്പൽക്കാർ ചരക്കുകൾ വെള്ളത്തിലെറിഞ്ഞു. എന്നിട്ടും അപായ ഭീതി ഒഴിയാതിരുന്നപ്പോൾ ചില യാത്രക്കാരെ കൂടി പുറംതള്ളിയേക്കാമെന്ന് അവർ കരുതി. ആരെയാണ് തള്ളേണ്ടതെന്ന് തീരുമാനിക്കാൻ നറുക്കിട്ടു. നറുക്ക് വീണത് യൂനുസ് നബിക്കായിരുന്നു. അദ്ദേഹം കടലിൽ തള്ളപ്പെട്ടു. ഒരു വൻ മത്സ്യം അദ്ദേഹത്തെ വിഴുങ്ങി. മൂന്നു നാൾ-നാലു മണിക്കൂർ എന്നും ഏഴു നാൾ എന്നും പ്രസ്താവമുണ്ട്-അദ്ദേഹം മത്സ്യോദരത്തിൽ തങ്ങി. ഈ സന്ദർഭത്തിൽ യൂനുസിന്ന്(അ) തന്റെ തെറ്റ് ബോധ്യമായി. അക്ഷമയുടെ പേരിൽ അല്ലാഹുവിങ്കൽ നിന്നുണ്ടായ പരീക്ഷണത്തിലകപ്പെട്ടിരിക്കുകയാണ് താനെന്നു മനസ്സിലാക്കി; നെടുംഖേദത്തിൽ പതിച്ചു. അദ്ദേഹം ഉള്ളുരുകി പ്രാർഥിച്ചു. അല്ലാഹു ആ പശ്ചാത്താപ പ്രാർഥന കൈക്കൊണ്ട് മത്സ്യത്തോട് യൂനുസിനെ കരയിലേക്ക് തുപ്പാൻ കൽപ്പിച്ചു. മത്സ്യോദരത്തിൽ കിടന്നുണ്ടായ പരിക്കുകളും അവശതകളും ശമിച്ച ശേഷം വീണ്ടും നിനവായിൽ ചെന്ന് പ്രബോധനത്തിലേർപ്പെടാൻ യൂനുസ്(അ)നോട് കൽപ്പിച്ചു. അദ്ദേഹം അപ്രകാരം പ്രവർത്തിച്ചു. നീനവക്കാർ അദ്ദേഹത്തിൽ വിശ്വസിച്ചു, ആ നാട്ടിൽ നീതിയും ധർമവും പുലർന്നു. അന്നവിടെ ഒരു ലക്ഷത്തിലേറെ ജനങ്ങളുണ്ടായിരുന്നു.

ഇതാണ് ഖുർആനിൽ നിന്നു വ്യക്തമാകുന്ന യൂനുസ് ചരിത്രത്തിന്റെ ഭാഷ്യം. ബൈബിൾ അവതരിപ്പിക്കുന്ന യോനാ പ്രവാചകൻ ഇതിൽനിന്ന് ഏറെ ഭിന്നമാണ്. യോനാ പുസ്തകമനുസരിച്ച്, നിനവയിൽ പ്രബോധനം ചെയ്യാൻ ദൈവം ആദ്യം നൽകിയ കൽപ്പന തന്നെ അനുസരിക്കാതെ യൂനുസ്(അ) തർശീശിലേക്ക് പലായനം ചെയ്യുകയാണ്. മത്സ്യോദരവാസത്തിനു ശേഷം വീണ്ടും നിയോഗിച്ചതനുസരിച്ച് നിനവയിൽ ചെന്ന പ്രവാചകൻ അവരെ ദൈവ വിശ്വാസവും ധർമസാരങ്ങളും പ്രബോധനം ചെയ്യുന്നതായി കാണുന്നില്ല. മറിച്ച് നാൽപ്പതു നാൾ പിന്നിടുമ്പോൾ ഈ നാട് നശിക്കുമെന്ന് പ്രവചിക്കുകയാണ് ചെയ്യുന്നത്. അതുകേട്ട് ഭയവിഹ്വലരായ ജനങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും സത്യധർമങ്ങൾ പാലിച്ചു തുടങ്ങുകയും ചെയ്തു. ഇതു കണ്ട് അല്ലാഹു, യൂനുസ് പ്രവചിച്ച നാശം അവർക്കു വരുത്തേണ്ടതില്ല എന്ന് തീരുമാനിച്ചു. വിചിത്രമെന്നു പറയട്ടെ, ദൈവത്തിന്റെ ഈ തീരുമാനം യൂനുസ് നബിക്ക് തീരെ സഹിച്ചില്ല. "എന്നാൽ ഇത് യോനായെ അത്യധികം അസന്തുഷ്ടനാക്കി; അയാൾ കോപിഷ്ഠനായി" എന്നാണ് ബൈബിൾ (യോനാ 4:1) പറയുന്നത്. "വലംകൈയും ഇടംകൈയും തിരിച്ചറിഞ്ഞു കൂടാത്ത ഒരു ലക്ഷത്തിരുപതിനായിരത്തിൽപരം മനുഷ്യരും അനേകം ആടുമാടുകളുമുള്ള നിനവേ എന്ന മഹാനഗരത്തെക്കുറിച്ച് എനിക്ക് സഹതാപം ഉണ്ടാകരുതെന്നോ" (യോനാ 4:11) എന്ന് ദൈവം അദ്ദേഹത്തോട് ചോദിക്കുന്നുമുണ്ട്.

ഈ കഥയിൽ ഒന്നിലേറെ വൈരുധ്യങ്ങൾ കാണാം. ഒന്ന്, ദൈവം നേരിട്ടുനൽകിയ ഒരു കൽപന തീരെ ധിക്കരിച്ച് കടന്നുകളയുന്ന ഒരാൾ എങ്ങനെയാണ് പ്രവാചകൻ പോയിട്ട്, ദൈവവിശ്വാസി പോലും ആവുക?! ഇതിനെക്കാൾ വിചിത്രമായ മറ്റൊരു വൈരുധ്യം ഇതാണ്: ജനങ്ങളെ സത്യധർമങ്ങളിലേക്ക് മാർഗദർശനം ചെയ്ത് ദൈവശിക്ഷയിൽ നിന്ന് രക്ഷിക്കുന്നതിനുവേണ്ടിയാണ് ദൈവം പ്രവാചകന്മാരെ നിയോഗിക്കുന്നത്. അത്യധികം മനുഷ്യ സ്നേഹവും കാരുണ്യവുമുള്ളവരെയാണ് ദൈവം അതിനായി തെരഞ്ഞെടുക്കുക. അവർ ജനങ്ങൾക്ക് വിനാശത്തിന്റെ മുന്നറിയിപ്പു നൽകുന്നത് അവരെ അതിൽ നിന്നു രക്ഷിക്കാൻ വേണ്ടിയാണ്. തന്റെ സുവിശേഷങ്ങളും താക്കീതുകളും സ്വീകരിച്ച് ഒരു ജനം സത്യധർമങ്ങളനുഷ്ഠിക്കുകയും അതുവഴി ശിക്ഷയിൽ നിന്നു രക്ഷപ്പെടുകയും ചെയ്യുന്നത് പ്രവാചകനെ സംബന്ധിച്ചേടത്തോളം അത്യന്തം സന്തോഷമുള്ള കാര്യമാണ്. പക്ഷേ ജനം ദൈവശിക്ഷയിൽനിന്നു രക്ഷപ്പെട്ടത് യോനാ പ്രവാചകനെ അസന്തുഷ്ടനും കോപിഷ്ഠനുമാക്കുകയാണത്രെ ഉണ്ടായത്! തന്റെ പ്രവചനങ്ങൾ പുലർന്നില്ലല്ലോ എന്നതായിരുന്നുവത്രെ കോപത്തിനു കാരണം.

യോനാ പ്രവാചകൻ നിനവായിൽ പ്രബോധനം ചെയ്യാൻ വിസമ്മതിച്ചതിനെ ചില ക്രൈസ്തവ പണ്ഡിതന്മാർ ഇങ്ങനെ നിരൂപിച്ചിട്ടുണ്ട്. നിനവാ നിവാസികൾ പുറംജാതിക്കാർ (ഇസ്രാഈല്യരല്ലാത്തവർ) ആകുന്നു. ദൈവത്തിന്റെ മക്കളായി തെരഞ്ഞെടുക്കപ്പെട്ട ജാതി ഇസ്രഈല്യർ മാത്ര

മാണെന്നാണ് ഇസ്രാഈല്യരുടെ വിശ്വാസം. പുറംജാതിക്കാർ സന്മാർഗത്തിനും ദൈവാനുഗ്രഹത്തിനും മോക്ഷത്തിനു മൊന്നും അവകാശമുള്ളവരല്ല. അവരെ ഇസ്രാഈല്യർക്ക് തുല്യരാക്കുന്നതിലും മോക്ഷപ്രാപ്തരാക്കുന്നതിലും എതിർപ്പുള്ളതുകൊണ്ടാണ് യോനാ അവരിൽ സത്യപ്രബോധനത്തിനു വിസമ്മതിച്ചത്. ഇസ്രാഈല്യർക്ക് അന്നും ഇന്നും കടുത്ത വംശീയ അഹന്തയും സ്വാർഥതയുമുണ്ടെന്നത് വസ്തുതയാണെങ്കിലും അവരിലെ പ്രവാചകവര്യന്മാർ അത്തരം സങ്കുചിത ചിന്തകൾക്കതീതരാണെന്നത്രെ ഇസ്ലാമിന്റെ നിലപാട്.

ചില ചിന്തകന്മാർ യോനാ പുസ്തകത്തെ ഒരു ഹാസ്യ കഥയായും വിലയിരുത്തുന്നുണ്ട്. പുറംജാതിക്കാർ സന്മാർഗവും സ്വർഗവും അർഹിക്കാത്തവരെന്ന ഇസ്രാഈലി വിശ്വാസത്തെയാണ് പരിഹസിക്കുന്നത്. പുറംജാതിക്കാരായ കനാനികളെ പ്രബോധനം ചെയ്യാൻ വിസമ്മതിച്ച് ഓടിപ്പോയ യോനാ തർശിശിലെത്താൻ ചെന്നുകയറുന്നത് പുറംജാതിക്കാരുടെ കപ്പലിലാണ്. കടൽ ക്ഷോഭമുണ്ടായപ്പോൾ രക്ഷാർഹരല്ലാത്ത പുറംജാതിക്കാർ രക്ഷപ്പെടുകയും യോനാ കടലിലും തുടർന്ന് മത്സ്യോദരത്തിലുമകപ്പെട്ടു ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു. മത്സ്യോദരത്തിൽനിന്നു രക്ഷപ്പെട്ട പ്രവാചകൻ വീണ്ടും കനാനിലെത്തി നാൽപതുനാൾക്കകം അവരുടെ നാശം പ്രവചിക്കുന്നു. നാട്ടുകാർ സന്മാർഗം കൈക്കൊണ്ടതിനാൽ അദ്ദേഹത്തിന്റെ പ്രവചനം ഫലിച്ചില്ല. അതു കണ്ട് അദ്ദേഹത്തിന് കലികയറുന്നു. "ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കുന്നതാണ് എനിക്ക് ഭേദം" (യോനാ 4:3) എന്ന് ദൈവത്തോടു കയർക്കുന്നു!

പരസ്പരം കോപിക്കുന്നവർക്കാണ് مغاضب എന്നു പറയുക; അതായത് കോപിക്കുന്നവനോട് കോപത്തിനിരയായവനും കോപിക്കുമ്പോൾ. യൂനുസ്(അ) കനാനികളോടു കോപിച്ചതുപോലെ അവർ അദ്ദേഹത്തോടും കോപിച്ചിരുന്നു. അവർ പ്രബോധനം നിരസിച്ചതിനുപുറമെ പ്രവാചകനോട് കോപിക്കുകയും ചെയ്തിരുന്നുവെന്നാണിതിന്റെ ധ്വനി. യൂനുസ്(അ) പ്രബോധനം ചെയ്യാൻ കൂട്ടാക്കാതെ ഓടിപ്പോയി എന്ന ആരോപണത്തിന്റെ പശ്ചാത്തലത്തിൽ ഈ ധ്വനിക്ക് സവിശേഷ പ്രസക്തിയുണ്ട്. أَن لَّن نَّقْدِرَ عَلَيْهِ എന്ന വാക്യത്തിനർഥം നമുക്ക് അവനെതിരെ വിധിക്കാൻ കഴിയില്ലെന്ന് അല്ലെങ്കിൽ അവനെ നിയന്ത്രിക്കാനാവില്ലെന്ന് എന്നാവാം. 'നാം അവനെ ഞെരുക്കുകയില്ലെന്ന്' എന്നുമാവാം. രണ്ടാമതു പറഞ്ഞതാണ് ഈ സന്ദർഭത്തിൽ ഉദ്ദേശ്യം. കാരണം അല്ലാഹുവിന് തന്നെ പിടികൂടാൻ കഴിവില്ലെന്ന് ഒരു പ്രവാചകൻ കരുതുകയില്ലല്ലോ. ഞെരുക്കുക എന്ന അർഥത്തിൽ ഖുർആൻ പലയിടത്തും قدر عليه എന്നുപയോഗിച്ചിട്ടുണ്ട് ഉദാ: وَأَمَّا إِذَا مَا ابْتَلَاهُ فَقَدَرَ عَلَيْهِ رِزْقَهُ -അല്ലാഹു മനുഷ്യനെ പരീക്ഷിക്കുകയും അങ്ങനെ അവന്റെ വിഭവം ഞെരുക്കുകയും ചെയ്താൽ-89:16). തുടർന്ന് അദ്ദേഹം പ്രാർഥിക്കുന്നത് 'പരമ പരിശുദ്ധനായ ഏകദൈവമേ, ഞാൻ അക്രമിയായിപ്പോയി' എന്നാണല്ലോ. സൂറഃ *അസ്സ്വാഫ്ഫാത്തി*ലെ 143-144 സൂക്തങ്ങൾ കൂടി ഇതോട് ചേർത്തു വായിക്കേണ്ടതുണ്ട്.

فَلَوْلَا أَنَّهُ كَانَ مِنَ الْمُسَبِّحِينَ ﴿١٤٣﴾ لَلَبِثَ فِي بَطْنِهِ إِلَىٰ يَوْمِ يُبْعَثُونَ

(അദ്ദേഹം സ്തോത്രം ചെയ്യുന്നവരിൽ പെട്ടവനായിരുന്നില്ലെങ്കിൽ ഉയിർത്തെഴുന്നേൽപുനാൾ വരെ മത്സ്യോദരത്തിൽ തന്നെ കഴിയേണ്ടിവരുമായിരുന്നു). ഇതിൽനിന്നു വ്യക്തമാകുന്നതിതാണ്: പ്രബോധിതരോട് കോപിച്ച് ഓടിപ്പോന്നെങ്കിലും, പ്രവാചകനായി തെരഞ്ഞെടുക്കപ്പെട്ട തന്നെ അല്ലാഹു ദുരിതങ്ങളിലകപ്പെടുത്തി ഞെരുക്കുകയൊന്നുമില്ല എന്ന് അദ്ദേഹം കരുതി. യൂനുസ്(അ)ന്റെ വിശ്വാസത്തിനോ അല്ലാഹുവിന്റെ കാരുണ്യത്തിലുള്ള പ്രതീക്ഷക്കോ കുറവുണ്ടായിരുന്നുമില്ല. മത്സ്യോദരത്തിലും അദ്ദേഹം ദൈവകീർത്തനത്തിൽ നിരതനായിരുന്നു. തന്റെ തെറ്റിൽ ആത്മാർഥമായി പശ്ചാത്തപിച്ച അദ്ദേഹം അല്ലാഹു എന്നെ കൈവെടിയുകയില്ലെന്നും ഇന്നല്ലെങ്കിൽ നാളെ വീണ്ടെടുക്കുമെന്നും പ്രതീക്ഷിച്ചിരുന്നു. ആ പ്രതീക്ഷയോടെ മനമുരുകി പ്രാർഥിച്ചു. ظلمة ന്റെ ബഹുവചനമാണ് ظلمات. ഇതുകൊണ്ടുദ്ദേശ്യം ഘനാന്ധകാരം എന്നാവാം. അല്ലെങ്കിൽ സമുദ്രാന്തർഭാഗത്തിന്റെ ഇരുട്ടും മത്സ്യോദരത്തിലെ ഇരുട്ടും രാത്രിയുടെ ഇരുട്ടും ചേർന്നതാവാം. യൂനുസ് നബിയുടെ ആ പ്രാർഥന കൈക്കൊണ്ട അല്ലാഹു മത്സ്യത്തോട്, അദ്ദേഹത്തെ തീരത്തുകൊണ്ടുവന്ന് തുപ്പിക്കളയാൻ കൽപ്പിച്ചു. മത്സ്യം അപ്രകാരം തന്നെ ചെയ്തു. ഇതാണ് അല്ലാഹു അദ്ദേഹത്തിനരുളിയ രക്ഷ. ക്ഷോഭിച്ച നടുക്കടലിലെറിയപ്പെടുക എന്നതുതന്നെ ഒരാളുടെ കഥ കഴിയാൻ മതിയായ കാരണമാണ്. അയാളെ ഒരു തിമിംഗലം വിഴുങ്ങുക കൂടി ചെയ്താലോ? അങ്ങനെ രക്ഷ ആശിക്കാൻ ഒരു വകയുമില്ലാത്ത ആ വിപത്തിൽനിന്ന് അല്ലാഹു അദ്ദേഹത്തെ മോചിപ്പിച്ചു. രക്ഷപ്പെടുക തികച്ചും അപ്രതീക്ഷിതവും അചിന്ത്യവുമായ വിപത്ഗർത്തങ്ങളിൽനിന്നു പോലും അല്ലാഹു ഈവിധം സത്യവിശ്വാസികളെ രക്ഷിക്കുന്നു. നബി(സ) പ്രസ്താവിച്ചതായി ബൈഹഖി ഉദ്ധരിക്കുന്നു: മത്സ്യോദരത്തിൽവെച്ച് ദുന്നൂൻ പ്രാർഥിച്ച لَّا إِلَٰهَ إِلَّا أَنتَ سُبْحَانَكَ إِنِّي كُنتُ مِنَ الظَّالِمِينَ എന്ന പ്രാർഥനാ വചനമുണ്ടല്ലോ, ആ വചനം കൊണ്ട് വിധാതാവിനോട് പ്രാർഥിക്കുന്ന മുസ്ലിമിന്ന് ഒരു കാര്യത്തിലും ഉത്തരം ലഭിക്കാതിരിക്കില്ല." തൗഹീദിൽ ആരംഭിച്ച് പിന്നെ സ്തുതി കീർത്തനം ചെയ്ത് പിന്നെ പാപമോചനാപേക്ഷയിലും കുറ്റസമ്മതത്തിലും അവസാനിക്കുന്നതാണീ പ്രാർഥന. ഇമാം ജഅ്ഫർ സ്വാദിഖ് പറഞ്ഞതായി ഉദ്ധരിക്കപ്പെടുന്നു: വ്യഥകളിലകപ്പെട്ടിട്ട് لَّا إِلَٰهَ إِلَّا أَنتَ سُبْحَانَكَ إِنِّي كُنتُ مِنَ الظَّالِمِينَ എന്ന ദൈവിക വചനത്തിൽ അഭയം തേടാത്തവരെക്കുറിച്ച് ഞാൻ അത്ഭുതപ്പെടുന്നു. എന്തുകൊണ്ടെന്നാൽ അതിനെ തുടർന്ന് അല്ലാഹു പറയുന്നത്. فَاسْتَجَبْنَا لَهُ وَنَجَّيْنَاهُ مِنَ الْغَمِّ وَكَذَٰلِكَ نُنجِي الْمُؤْمِنِينَ എന്നാകുന്നു. യൂനുസ് നബിക്ക് ലഭിച്ച ഈ അനുഗ്രഹവും രക്ഷയും, സങ്കീർണമായ ആപദ് ഗർത്തങ്ങളിലകപ്പെടുന്ന എല്ലാ സത്യവിശ്വാസികൾക്കും പ്രതീക്ഷിക്കാവുന്നതാണ്; അവർ ആത്മാർഥമായി അല്ലാഹുവിനെ വിളിച്ച് പ്രാർഥിച്ചാൽ. അതാണ് സൂക്താന്ത്യത്തിലെ كَذَٰلِكَ نُنجِي الْمُؤْمِنِينَ എന്ന വാക്യത്തിന്റെയും ഉപരിസൂചിത നിവേദനങ്ങളുടെയും താൽപര്യം.

പ്രബോധന ദൗത്യത്തിൽ ക്ഷമയുടെ പ്രാധാന്യവും അക്ഷമയുടെ കെടുതിയും വ്യക്തമാക്കാനാണ് യൂനുസ് നബിയെ ഇവിടെ അനുസ്മരിച്ചത്. സൂറഃ *അൽഖലം* 48-ാം സൂക്തത്തിൽ അല്ലാഹു പ്രവാചകനെ ഉപദേശിക്കുന്നു: فَاصْبِرْ لِحُكْمِ رَبِّكَ وَلَا تَكُن كَصَاحِبِ الْحُوتِ "വിധാതാവിന്റെ വിധിക്കുവേണ്ടി ക്ഷമയോടെ കാത്തിരിക്കുക. മത്സ്യ സഖാവിനെപ്പോലെയാകരുത്." അന്ത്യപ്രവാചകന്ന് മാത്രമുള്ളതല്ല; എല്ലാ പ്രബോധകർക്കുമുള്ളതാണീ ഉപദേശം. ■